# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3857

25.06.2013ൽ
മറുപടിക്ക്.

### കുറ്റ്യാടി നാളികേര പാർക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ. കെ. ലതിക | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും<br>വകുപ്പുമന്ത്രി) |
| എ) കെ.എസ്.ഐ.ഡി.സി. കുറ്റ്യാടിയിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന നാളികേര പാർക്കിന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ; | എ) കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ കുറ്റ്യാടിയിൽ നാളികേര പാർക്ക് സ്ഥാപിക്കുന്നതിന് വേണ്ടി 115 ഏക്കർ സ്ഥലം, ഭൂമി വിലയുടെ 80% നൽകി ഏറ്റെടുക്കുകയുണ്ടായി. മഹീന്ദ്രാ കൺസൾട്ടൻസി എഞ്ചിനീയേഴ്സിനെ കൊണ്ട് പദ്ധതിയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ആവശ്യമായ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിയുടെ രൂപകൽപനയ്ക്കായി ആർക്കിടെക്റ്റിനെ നിയമിക്കുകയും അവർ എസ്റ്റിമേറ്റ് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതു കൂടാതെ, പാർക്കിന് വേണ്ടി ഒരു ഡെഡിക്കേറ്റഡ് 11 കെ.വി. ഫീഡർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബിയുമായി ചേർന്ന് എടുത്തുവരുന്നു. |
| ബി) നാളികേര പാർക്കിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് എത്ര സംരംഭകർ മുന്നോട്ടു വന്നിട്ടുണ്ടെന്നും അവർ ആരൊക്കെയെന്നും വ്യക്തമാക്കുമോ; | ബി) നാളികേര പാർക്ക് സംരംഭങ്ങൾ തുടങ്ങാൻ താൽപര്യം പ്രകടിപ്പിച്ചുകൊണ്ട് ഇതു വരെ എട്ട് സംരംഭകർ മുന്നോട്ട് വന്നിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.<br>1. കേരള മാർക്കറ്റ് ഫെഡ് (കോക്കനട്ട് ഓയിൽ മിൽസ്)<br>2. കുഞ്ഞഹമ്മദ് കല്ലറ (കോക്കനട്ട് ഓയിൽ & വെർജിൻ കോക്കനട്ട് ഓയിൽ)<br>3. അബ്ദുൾ മജീദ് കെ.പി(കോക്കനട്ട് ക്രീം)<br>4. കെ.കെ.അബ്ദു റഹ്മാൻ (കോക്കനട്ട് ഓയിൽ & സോപ്പ്)<br>5. ഷാഹുൽ ഹമീദ് സി (കോക്കനട്ട് ഷെൽ ചാർക്കോൾ)<br>6. ആക്സിനിക് നാച്ചുറൽസ് ഇന്ത്യ ലിമിറ്റഡ് (വെർജിൻ കോക്കനട്ട് ഓയിൽ)<br>7. കെ.പി.മോഹൻദാസ് (കോക്കനട്ട് ഫൈബർ ബ്രൂം)<br>8. അന്ന ബ്രിജിത്ത് (വെർജിൻ കോക്കനട്ട് ഓയിൽ) |

സി) സംരംഭകർക്ക് നാളികേര പാർക്കിൽ പ്ലോട്ടുകൾ അനുവദിച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ പ്ലോട്ടുകൾ അനുവദിക്കാത്തത് എന്തുകൊണ്ടെന്നും വ്യക്തമാക്കുമോ?

സി) ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകാത്തതുകൊണ്ട് ഇതുവരെ പ്ലോട്ടുകൾ സംരംഭകർക്ക് അനുവദിച്ചിട്ടില്ല. ഇതു പൂർത്തിയാകുന്ന മുറയ്ക്ക് അലോട്ട്മെന്റിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**